ആയൂർവേദ മരുന്നുകളെപ്പറ്റി ഗവേഷണം

2 (*525) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി രാധാരാഘവൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ആയൂർവേദ കോളേജുകളുടെ ആഭിമുഖ്യത്തിൽ ആയൂർവേദ മരുന്നുകളെപ്പറ്റി എന്തെല്ലാം ഗവേഷണങ്ങൾ നടത്തുന്നുണ്ട് ;

(ബി) ആയൂർവേദമരുന്നുകളെപ്പറ്റി ഗവേഷണം നടത്തുന്നതിന് സംസ്ഥാന ഗവൺമെന്റിനോ കേന്ദ്രഗവൺമെന്റിനോ എന്തെങ്കിലും പദ്ധതികളുണ്ടോ ;

(സി) ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു പദ്ധതിയുമില്ലാത്തപക്ഷം ആയതിലേക്കായി പദ്ധതി ആരംഭിക്കുവാൻ സത്വര നടപടി കൈക്കൊള്ളുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) Drugs standardisation units-ൽ single drugs, formulations ഇവരുടെ സ്റ്റാന്റേർഡൈസേഷനെക്കുറിച്ച് ഗവേഷണങ്ങൾ നടക്കുന്നു.

(ബി) ആയൂർവേദ മരുന്നുകളെപ്പറ്റി ഗവേഷണം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് Extra Rural Research പദ്ധതി പ്രകാരം ഗവേഷണത്തിന് ധനസഹായം നൽകുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന് നിലവിൽ ധനസഹായ പദ്ധതികൾ ഇല്ല.

(സി) ഇക്കാര്യം വിശദമായി പരിശോധിച്ചശേഷം മാത്രമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

ശ്രീ. ലൂഡി ലൂയിസ് : ആയൂർവേദ മരുന്നുകളെക്കുറിച്ചുള്ള പ്രശസ്തിയും പ്രസക്തിയും വർദ്ധിച്ചിരിക്കുന്ന കാലഘട്ടമാണിത്. ആയൂർവേദ മരുന്നുകളെ കുറിച്ച് നമ്മുടെ പൂർവ്വികന്മാർ രചിച്ച അഷ്ടാംഗഹൃദയം പോലെയുള്ള പുസ്തകങ്ങളിൽ നിന്നു മാത്രമാണ് നമുക്ക് ഇന്ന് വിവരം കിട്ടിക്കൊണ്ടിരിക്കുന്നത്. ഇന്ന് നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന നാട്ടറിവും കേട്ടറിവുമൊക്കെ പുത്തൻതലമുറയ്ക്ക് കൂടി ഉപകാരപ്രദമാകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. പി. ശങ്കരൻ : നാട്ടറിവും കേട്ടറിവും ഉൾപ്പെടെയുള്ള കാര്യങ്ങൾ സാധാരണ ജനങ്ങൾക്ക് ഗ്രഹിക്കാൻ പറ്റുന്ന രൂപത്തിലുള്ള പ്രസിദ്ധീകരണങ്ങൾ ആയൂർവേദ വകുപ്പ് തയ്യാറാക്കുന്നുണ്ട്.

ശ്രീ. ലൂഡി ലൂയിസ് : ധാരാളം വ്യാജ ആയൂർവ്വേദ മരുന്നുകൾ നമ്മുടെ നാട്ടിൽ സുലഭമാണ്. ആയൂർവ്വേദ മരുന്നിന്റെ കൂടെ അലോപ്പതി മരുന്നുകൂടെ കൂട്ടിക്കലർത്തി ജനങ്ങളെ വഞ്ചിക്കുന്ന രീതിയിൽ പുതിയ ബ്രാൻഡ് നെയിമുമായി

LIBRARY ARCHIVES Kerala Legislative Assembly

മാർക്കറ്റിൽ ധാരാളം വന്നുകൊണ്ടിരിക്കുകയാണ്. immuno cure, cholestrol cure എന്നൊക്കെ പറഞ്ഞ് ഹൃദ്രോഗത്തിനും ആസ്മയ്ക്കും ഒക്കെ കൈക്കൊണ്ട ഔഷധം എന്ന രീതിയിൽ ഇന്നും മരുന്ന് വിൽപ്പന നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഈ രീതിയിലുള്ള വ്യാജ മരുന്ന് വിൽപ്പനക്കാർക്കെതിരെ എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്.

ശ്രീ. പി. ശങ്കരൻ : കാലാകാലങ്ങളിൽ ഇത്തരം കമ്പനികളെക്കുറിച്ച് പരാതികൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. തമ്പാനൂർ രവി : ആയുർവ്വേദ ചികിത്സയ്ക്ക് വളരെ പ്രാധാന്യം ലഭിക്കുന്ന കാലഘട്ടമാണ്. ആയുർവ്വേദ ആചാര്യന്മാരുടെ ഗ്രന്ഥങ്ങളുണ്ട്. കൂട്ടുമരുന്നിനെക്കുറിച്ചും ഒറ്റമൂലിയെക്കുറിച്ചുമൊക്കെ വളരെ വിലപ്പെട്ട നിർദ്ദേശങ്ങളുണ്ട്. അതുപോലെ നാട്ടുവൈദ്യന്മാരുടെ ഇൻഫൊർമേറ്റീവായിട്ടുള്ള ഈ കാര്യങ്ങൾകൂടി റിസർച്ച് ചെയ്യാൻ നമ്മുടെ ആയുർവ്വേദ കോളേജുകളിലെ പി.ജി. സ്റ്റുഡന്റ്സിന് നിലവിൽ സംവിധാനമുണ്ടോ, ഇല്ലെങ്കിൽ അവർക്ക് അത് റിസർച്ച് ചെയ്യാൻ സംവിധാനമുണ്ടാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ശങ്കരൻ : Pharmacognosy of Ayurvedic Drugs എന്ന പേരിൽ ഒരു പ്രസിദ്ധീകരണം ആയുർവ്വേദ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. ഏതാണ്ട് 12-ഓളം വാല്യങ്ങൾ ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുപോലെ Hand Book on Medicinal Plants എന്ന ഒരു ഗ്രന്ഥം ഇതിനകം പ്രസിദ്ധീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇത്തരം കാര്യങ്ങളെക്കുറിച്ച് ഗവേഷണങ്ങൾ നടത്തുകയും പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

ശ്രീ. തമ്പാനൂർ രവി : വിവിധയിനം ആയുർവേദ ഔഷധച്ചെടികൾ പലതും ഇപ്പോൾ അന്യംനിന്നുപോവുകയാണ്. 100 ഏക്കർ ഉണ്ടെങ്കിലേ ഇത് പ്രോത്സാഹിപ്പിക്കുവാനായി കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ് അനുവദിക്കൂ. കേരളത്തിൽ ടിഷ്യൂ കൾച്ചറിലൂടെ അന്യംനിന്നുപോവുന്ന ഔഷധച്ചെടികൾ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ; ചെറിയ രീതിയിൽ കൃഷിചെയ്യുന്ന നാട്ടിൻപുറത്തുള്ള ആളുകൾക്ക് ഗ്രാന്റ് കൊടുക്കുവാനുള്ള നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുമോ ?

9 A.M.]

ശ്രീ. പി. ശങ്കരൻ : കേരളത്തിൽ Medicinal Plant Board രൂപീകരിച്ച് ഔഷധച്ചെടികൾ വച്ചു പിടിപ്പിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്.

ശ്രീമതി രാധാരാഘവൻ : സർ, ആയുർവേദ മരുന്നുകൾ ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന ധാരാളം ഔഷധച്ചെടികൾ ആദിവാസിമേഖലയിലുണ്ട്. അവയെപ്പറ്റി പഠനം നടത്താൻ പ്രത്യേക ടീമിനെ നിശ്ചയിക്കുമോ ?

ശ്രീ. പി. ശങ്കരൻ : ആദിവാസി മേഖല ഉൾപ്പെടെ കേരളത്തിലെ ഔഷധ ച്ചെടികൾവളരുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിച്ചുകൊണ്ട്, അത്തരം ഔഷധച്ചെടികൾ ശേഖരിക്കുവാനും അവ വാണിജ്യാടിസ്ഥാനത്തിൽ വളർത്തി യെടുക്കുവാനുമുള്ള പദ്ധതികൾ Kerala Medicinal Plant Board

LIBRARY ARCHIVES Kerala Legislative Assembly

ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനകംതന്നെ ഇത്തരം ചെടികൾ ശേഖരിക്കുന്നതിനും അവ വളർത്തിയെടുക്കുന്നതിനും തയ്യാറായി മുന്നോട്ടുവരുന്ന ആൾക്കാർക്ക് സാമ്പത്തിക സഹായം നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ Medicinal Plant Board പരിശോധിച്ചുവരികയാണ്.

ശ്രീമതി രാധാരാഘവൻ : ഔഷധ മരുന്നകൾ പറിച്ചെടുക്കുന്നതിൽ ആദിവാസികൾക്ക് അനുഭവപ്പെടുന്ന തടസ്സം ഒഴിവാക്കുമോ ?

ശ്രീ. പി. ശങ്കരൻ : ഈ കാര്യം മറ്റു പല വകുപ്പുകളുമായി ബന്ധപ്പെട്ടതാണ്. എന്നാലും പരിശോധിക്കുന്നതാണ്.

ശ്രീ. കെ. ബാബു : സർ, ഡെങ്കിപ്പനി ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആയുർവ്വേദം ഈ രംഗത്ത് ഉപയോഗപ്പെടുത്താമോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഈ രംഗത്ത് ഗവേഷണം നടത്തുന്ന പ്രബന്ധങ്ങൾ പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ശ്രീ. പി. ശങ്കരൻ : ആയുർവ്വേദ മരുന്നുകൾ ഏതാണ്ട് എല്ലാ രോഗങ്ങൾക്കും ഗുണഫലം ചെയ്യുന്നുണ്ട്. അതുകൊണ്ടുതന്നെ ഡെങ്കിപ്പനി ഉൾപ്പെടെയുള്ള രോഗങ്ങൾക്ക് ആയുർവ്വേദ മരുന്നുകൾ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്.

ശ്രീ. കെ. ബാബു : Drug Standardization Unit-ൽ നടക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്, Drug Research Centre-ൽ ഏതെല്ലാം മരുന്നുകളെക്കുറിച്ചുള്ള പരിശോധനകൾ നടക്കുന്നു ; ഇതിന്റെ റിസൾട്ട് എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. പി. ശങ്കരൻ : ഔഷധ സസ്യങ്ങളുടെ ഗുണങ്ങളെക്കുറിച്ചുള്ള ഗവേഷണമാണ് ഇത്തരം യൂണിറ്റുകളിൽ നടന്നുവരുന്നത്. അതോടൊപ്പംതന്നെ ഈ ഗവേഷണ ഫലങ്ങൾ Pharmacognosy of Ayurveda Drugs Kerala എന്ന പ്രസിദ്ധീകരണത്തിലൂടെ പുറത്തുവരികയും ചെയ്യുന്നുണ്ട്. ഈ ഗവേഷണ ഫലങ്ങളിൽനിന്ന് ശരിയായിട്ടുള്ള അസംസ്കൃത മരുന്നുകളെക്കുറിച്ച് തിരിച്ചറിയുവാൻ നമുക്ക് സാധിക്കും. ഇതിനകംതന്നെ ഇതിന്റെ പന്ത്രണ്ടോളം വാല്യങ്ങൾ പ്രസിദ്ധീകരിച്ചുവെന്ന് പറഞ്ഞു. കൂടാതെ Hand Book On Medicinal Plants എന്ന ഒരു മലയാള പ്രസിദ്ധീകരണത്തിന്റെ കാര്യവും ഇവിടെ സൂചിപ്പിച്ചു കഴിഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ആയുർവ്വേദ മരുന്നുകൾക്ക് ഉപയോഗിക്കുന്ന വേപ്പ്, കറ്റാർവാഴ, കീഴാർനെല്ലി, എരിഞ്ഞിൽ, ആവണക്ക്, നെല്ലിക്ക തുടങ്ങി ഇരുന്നൂറോളം ഔഷധങ്ങൾ അമേരിക്ക, ജർമ്മൻ, ബ്രിട്ടൻ എന്നീ രാജ്യങ്ങളിലെ ഗവേഷണ സ്ഥാപനങ്ങൾ പാറ്റന്റ് എടുത്തിരിക്കുകയാണ്. ജർമ്മനിയിലെ രണ്ട് സ്ഥാപനങ്ങൾ ആയുർവ്വേദ ശാസ്ത്രംതന്നെ പാറ്റന്റ് എടുത്തു. അതിന്റെ ഭാഗമായി പൗരാണിക ആയുർവ്വേദം, യോഗ, യോഗ ശാസ്ത്രം, വാസ്തുവിദ്യ, വേദങ്ങൾ, ഗായത്രിമന്ത്രം, ഓംകാരം ഇതിന്റെയെല്ലാം പാറ്റന്റ് എടുത്തിരിക്കുകയാണ്. ഇനി ഓം എന്ന് എഴുതിവയ്ക്കണമെങ്കിൽ ജർമ്മനിയിലെ ഈ സ്ഥാപനത്തിന്റെ അംഗീകാരംവേണം. നമ്മുടെ എല്ലാ ആയുർവ്വേദ സമ്പത്തും മറ്റ് രാജ്യങ്ങളിൽ പാറ്റന്റ് എടുക്കുമ്പോൾ നമ്മുടെ ആയുർവ്വേദ മരുന്നുകളുടെ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനു നടപടി സ്വീകരിക്കുന്നതിൽ ഗവൺമെന്റ് എന്തു ചെയ്തു ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ : ആയുർവ്വേദ മരുന്നുകളുടെ പാറ്റന്റ് റൈറ്റ് കൈവശപ്പെടുത്താൻ ജർമ്മനിയിലെയും മറ്റ് വിദേശ രാജ്യങ്ങളിലുമുള്ള സംഘടനകളും മരുന്നു കമ്പനികളും ശ്രമിക്കുന്നതായിട്ടുള്ള വിവരങ്ങൾ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ആരായുവാനും ആ മരുന്നുകളുടെ പാറ്റന്റ് റൈറ്റ് നഷ്ടപ്പെടാതെ നമുക്കുതന്നെ നേടിയെടുക്കുവാനും വേണ്ടിയുള്ള ശ്രമങ്ങൾ ആയുർവ്വേദ ഡിപ്പാർട്ടുമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ബാലറാം : സർ, വളരെയധികം അനന്ത സാദ്ധ്യതകളുള്ള ഒന്നാണ് ആയുർവേദ മരുന്നുകളുടെ ഉല്പാദനം. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് ധാരാളം വ്യാജ ആയുർവ്വേദ കേന്ദ്രങ്ങൾ ആരംഭിക്കുന്നുണ്ട്. പലരും വഴിതെറ്റി അതിലേയ്ക്ക് പോകുന്നുണ്ട്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മുടെ എല്ലാ ഉല്പന്നങ്ങളുടെയും പാറ്റന്റ് അന്യരാജ്യങ്ങളിലേയ്ക്ക് കൊണ്ടുപോവുകയാണ്. Herbal extractions-ന് വളരെയധികം സാദ്ധ്യതയുള്ള സംസ്ഥാനമാണ് കേരളം. അതുകൊണ്ട് ഇതുവരെ ഇതുസംബന്ധിച്ച പുരോഗതിയെക്കുറിച്ച് കാര്യമായ പഠനം നടത്തി ആയുർവ്വേദ മരുന്നുകൾ വച്ചുപിടിപ്പിച്ചു കൃഷിചെയ്യാനുള്ള സംരംഭം കേരളത്തിൽ ഒരുക്കുവാൻ ആരോഗ്യ വകുപ്പ് മുൻകയ്യെടുക്കുമോ ?

ശ്രീ. പി. ശങ്കരൻ : തിരുവനന്തപുരം ആയുർവ്വേദ കോളേജിൽ നടത്തുന്ന ഗവേഷണങ്ങൾ ഇത്തരം കാര്യങ്ങളിൽ ശ്രദ്ധ പുലർത്തുന്നുണ്ട്. ആയുർവ്വേദ കോളേജിലെ പി.ജി. വിദ്യാർത്ഥികൾ ഒട്ടേറെ ഗവേഷണങ്ങൾ നടത്തിവരുന്നുണ്ട്. അതിന്റെ വിശദാംശങ്ങൾ പറയുവാൻ അല്പം സമയം എടുക്കും. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുവാൻ ആഗ്രഹിക്കുന്നില്ല. Ishemic heart diseases, Thuvaraka thyla in tsoriasis, Ayurvedic compound in dyslipidaemia, Ayurvedic compound in niddm, Chitraka rasayana in the management of Swithra, Ayurvedic compound on type-two diabetes, Ayahpathra pippaly rasayana in bronchial asthma, Randomised controlled trial to assess the effiency of sasankalekha in tsoriasis, Ashtadara kooshmanda ghiritha in epilepsy, Thakra dhara in insomnia-associated depression, Management of oligo spermia with special reference to uthara vasthi ഇത്തരം ഗവേഷണങ്ങൾ നടന്നുവരുന്നു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : പരിയാരത്തെ മെഡിക്കൽ കോളേജിനു സമീപം ഔഷധിക്കായിട്ട് 100 ഏക്കർ ഭൂമിയുണ്ട്. വളരെ മനോഹരവും പ്രകൃതിരമ്യവും ഫലഭൂയിഷ്ഠവുമായ ആ 100 ഏക്കർ ഭൂമിയിൽ കഴിഞ്ഞ രണ്ടുവർഷം ആയുർവേദ സസ്യങ്ങൾ വച്ചുപിടിപ്പിക്കുവാൻ ചില പരിശ്രമം നടത്തിയിരുന്നു. ഈ കഴിഞ്ഞ രണ്ടുവർഷമായിട്ട് 100 ഏക്കർ ഭൂമിയും തരിശ്ശായിട്ട് കിടക്കുകയാണ്. ഇത്രയും മനോഹരവും ഫലഭൂയിഷ്ഠവുമായ ഭൂമി ആയുർവ്വേദ സസ്യങ്ങൾ വച്ചുപിടിപ്പിച്ച് പരിയാരം ആയുർവേദ മെഡിക്കൽ കോളേജിന് പ്രയോജനപ്പെടുത്തുവാൻ കഴിയുന്ന വിധത്തിൽ പ്രത്യേക ഒരു പ്രോജക്ട് അടിയന്തിരമായി തയ്യാറാക്കുവാൻ ഗവൺമെന്റ് പരിശ്രമിക്കുമോ ?

ശ്രീ. പി. ശങ്കരൻ : ടീച്ചറുടെ ആഗ്രഹംപോലെ ഇതിന് ആവശ്യമായ നടപടികൾ Medicinal Plant Board എടുത്തുവരികയാണ്. അതിനുള്ള ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

ശ്രീമതി മാലേത്ത് സാരളാദേവി : സർ, 'വ്യാദ്' എന്ന ധാതുവിൽ നിന്നുള്ള വേദം എന്ന വാക്കിന് അറിവ് എന്നാണ് അർത്ഥം. ആയുർവ്വേദത്തെക്കുറിച്ച് ഗവേഷണം നടത്തുമ്പോൾ ആയിരംമൂട് കുറുന്തോട്ടി കഴിച്ചാൽ ആരുമറിയാതെ പ്രസവിക്കുമെന്നു പറയുന്ന വലിയൊരു ശൈലി നമ്മുടെ നാട്ടിലുണ്ട്. അത്രമാത്രം ഔഷധഗുണം ഉള്ളതാണ് കുറുന്തോട്ടി. നമ്മുടെ വീടുകളിലും തൊടികളിലും വളരുന്ന കുറുന്തോട്ടിപോലുള്ള ഔഷധച്ചെടികൾ നമ്മുടെ നാട്ടിൽ കാവുകളിൽ വളരുന്നുണ്ട്. കാവുകളെ കേന്ദ്രീകരിച്ച് ചെറിയ ആടലോടകം, വലിയ ആടലോടകം, എരിക്ക് തുടങ്ങിയവയുണ്ട്. ആ പച്ചമരുന്നുകൾ കടകളിലും ഉണക്കിവിൽക്കുന്നുണ്ട്. പക്ഷേ, കുറുന്തോട്ടിയുടെ യഥാർത്ഥ വേരുകൾ വ്യാജമായി ഉണക്കി വിൽക്കുന്നു. ഇതുപോലുള്ള ഔഷധ ഗുണങ്ങളുള്ള ആയുർവ്വേദ മരുന്നുകൾ നമ്മുടെ എല്ലാ പറമ്പുകളിലുമുണ്ട്. ഇവയെക്കുറിച്ച് ഗവേഷണം നടത്തുന്നതിന് വലിയ ചെലവൊന്നുമില്ല. നാട്ടുവൈദ്യൻമാരെ കേന്ദ്രീകരിച്ച് നമ്മുടെ നാട്ടറിവു കൂടി ഉൾപ്പെടുത്തി അതിനെക്കുറിച്ച് പഞ്ചായത്തുകൾ തോറും ഒരു ഗവേഷണത്തിനുവേണ്ടി ഡിപ്പാർട്ടുമെന്റലായിട്ടു പ്രവർത്തിക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകാനും ആരോഗ്യ വകുപ്പിന്റെ ശുപാർശ മന്ത്രിസഭാ തലത്തിൽ നൽകുമോ ?

ശ്രീ. പി. ശങ്കരൻ : സർ, പഞ്ചായത്തുകൾ ഉൾപ്പെടെ ആരുതന്നെ ഈ കാര്യത്തിൽ മുന്നോട്ടു വന്നാലും, ഇത്തരം ഔഷധച്ചെടികൾ ശേഖരിക്കുന്നതിനും വളർത്തുന്നതിനും അതു സംരക്ഷിക്കുന്നതിനും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ചെയ്യാനായി ആരു മുന്നോട്ടു വന്നാലും അവരെ സഹായിക്കാനുള്ള ഒരു നിലപാടാണ് ആരോഗ്യ വകുപ്പിനുള്ളത്. അതുകൊണ്ട് ഈ കാര്യം കാര്യമായിത്തന്നെ പരിശോധിക്കുന്നതാണ്.

മി. സ്പീക്കർ : നമ്മുടെ വളരെ പ്രശസ്തമായ ചില ആയുർവ്വേദ മരുന്നുകളെപ്പറ്റി മെഡിക്കൽകോളേജിലെ ഫാർമക്കോളജി ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് പരിശോധിപ്പിക്കാൻ ഒരു ഡയറക്ഷൻ കൊടുത്താൽ നന്നാകില്ലേ ?

ശ്രീ. പി. ശങ്കരൻ : സർ, വേണ്ടതു ചെയ്യാം.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞ കാര്യമാണ് എനിക്കു സൂചിപ്പിക്കാനുള്ളത്. നമ്മുടെ ആയുർവ്വേദ മരുന്നുകളുടെ കണ്ടന്റിനെക്കുറിച്ച് പരിശോധിക്കാനുള്ള ഒരു സംവിധാനം ഇന്നില്ല. അലോപ്പതിയിലും ഹോമിയോയിലും യൂനാനിയിലുമൊക്കെ അത്തരം സംവിധാനങ്ങൾ ഉണ്ട്. കേരളത്തിൽ ഒട്ടനവധി കമ്പനികളുടെ ച്യവനപ്രാശങ്ങൾ ഇറങ്ങുന്നുണ്ട്. ച്യവനപ്രാശത്തിന്റെ പ്രധാന കണ്ടന്റ് നെല്ലിക്കയാണ്. ഇന്ത്യയിലാകെ ഉല്പാദിപ്പിക്കുന്ന നെല്ലിക്ക ഉപയോഗിച്ച് ച്യവനപ്രാശം ഉണ്ടാക്കുകയാണെങ്കിൽ കേരളത്തിലെ കോട്ടയ്ക്കൽ പോലുള്ള സ്ഥാപനങ്ങൾ വിപണിയിലിറക്കുന്ന ച്യവനപ്രാശം ഉണ്ടാക്കാൻ കഴിയുകയില്ല. കേരളത്തിൽ 100 കണക്കിന് സ്ഥാപനങ്ങളാണ് ഇങ്ങനെ ച്യവനപ്രാശം ഉണ്ടാക്കുന്നത്. ഇതു കണ്ടെത്താൻ കഴിയാത്തത് ആയുർവ്വേദ മരുന്നുകളുടെ കണ്ടന്റ് പരിശോധിക്കാൻ കഴിയാത്തതു കൊണ്ടാണ്. കേന്ദ്ര ഗവൺമെന്റ് സി.എം.പി. എന്നു പറയുന്ന ഒരു പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മരുന്നുൽപ്പാദന രംഗത്തുള്ള സംവിധാനം മാത്രമേയുള്ളൂ. അതു പരിശോധിക്കാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം ആയുർവ്വേദ ചികിൽസാ സമ്പ്രദായവും ഔഷധങ്ങളുടെ വിപണനവും വ്യാപിപ്പിക്കുന്നതിനുവേണ്ടി ഒറ്റമൂലി സംവിധാനമുണ്ട്. നാട്ടുവൈദ്യൻമാരെ

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിക്കുന്നതിനുവേണ്ടി പെൻഷൻ ഉൾപ്പെടെയുള്ള സഹായങ്ങൾ ചെയ്തുകൊടുക്കാൻ നടപടി സ്വീകരിക്കുമോ ? പാരമ്പര്യ വൈദ്യൻമാർക്ക് പെൻഷൻ ഉൾപ്പെടെയുള്ള സഹായവും ആയൂർവ്വേദ മരുന്നിന്റെ കണ്ടന്റിനെ സംബന്ധിച്ചുള്ള എന്ത് പരിശോധനയുമാണ് ആവശ്യപ്പെടുന്നത് ?

ശ്രീ. പി. ശങ്കരൻ : സർ, ഇതൊക്കെ ഇപ്പോൾത്തന്നെ നടന്നുവരുന്നുണ്ട്. ച്യവനപ്രാശം എന്താണെന്നുള്ളത് മനസ്സിലാക്കാൻ ച്യവനപ്രാശം കഴിക്കുന്ന ആളുകൾക്ക് അറിയാം. ദശമൂലാരിഷ്ടത്തിൽ ദശമൂണ്ടെന്നുള്ളത് മനസ്സിലാക്കാൻ അവർക്കറിയാം. ദശമിലെങ്കിൽ, നവമേയുള്ളൂവെങ്കിൽ അതിൽ നവം മാത്രമേയുള്ളൂവെന്ന് മനസ്സിലാക്കാൻ അതു കഴിക്കുന്നയാളുകൾക്ക് അറിയാം.

ശ്രീ. എം. മുരളി : സർ, അലോപ്പതിയുടെ പ്രത്യാഘാതത്തിൽ, അതിന്റെ ആപൽശങ്കയിൽ കഴിയുന്ന കേരളത്തിലെ ജനങ്ങൾ ആയൂർവ്വേദത്തെ അഭയം പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. ഈ വികാരം മുതലെടുത്തുകൊണ്ട് ആയൂർവ്വേദ മരുന്നുകൾ വ്യാപകമായിട്ട് കച്ചവടാടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ലൈസൻസ്പോലുമില്ലാതെ ആയൂർവ്വേദ മരുന്നുകൾ നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ഉല്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇതെല്ലാം കൃത്രിമമാർഗ്ഗത്തിലൂടെയാണ് ഉണ്ടാക്കുന്നത്. കണ്ടന്റിനെക്കുറിച്ച് പരിശോധന വേണമെന്നു പറഞ്ഞത് നമ്മുടെ നാട്ടിലെ ജനങ്ങളുടെ ആരോഗ്യത്തെ നാളെ ബാധിക്കാൻ പോകുന്ന ഗുരുതരമായ ഒരു പ്രശ്നം ഇപ്പോൾ വ്യാപകമായിട്ട് അധികൃതമായും അനധികൃതമായും ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടാണ്. ആയൂർവ്വേദ മരുന്നുകളുടെ ഉല്പാദനത്തിന്റെ കാര്യത്തിൽ ഇപ്പോൾ ചില പരിശോധന നടക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് മുഖവിലയ്ക്കെടുത്തുകൊണ്ടു പറയുന്നു. പ്രത്യേക നിയമനിർമ്മാണം നടത്തിക്കൊണ്ട് ഇവയുടെ ഗുണനിലവാരം ഉറപ്പു വരുത്താനും പീരിയോഡിക്കലായി പരിശോധന നടത്താനുമുള്ള നിയമനിർമ്മാണവും സംവിധാനവും ഗവൺമെന്റ് ചെയ്യാൻ മുന്നോട്ടു വരുമോ ?

ശ്രീ. പി. ശങ്കരൻ : സർ, പാരമ്പര്യ വൈദ്യൻമാർ, അഷ്ടവൈദ്യൻമാർ എന്നിവരൊക്കെ കേരളത്തിൽ എല്ലാ ഭാഗത്തുമുണ്ട്. അവർ നിർമ്മിക്കുന്ന മരുന്നുകളാണ് പലരും കൂടുതൽ പ്രാധാന്യം നൽകുന്നത്. അത്തരം മരുന്നുകളാണ് വാങ്ങുന്നത്. നമ്മുടെ ആയൂർവ്വേദ മെഡിക്കൽ ഷോപ്പുകളിൽ കിട്ടുന്ന മരുന്നുകളിൽ കൂടുതൽ പദ്യവും ഗുണവുമൊക്കെയുള്ളത് അവയ്ക്കാണെന്ന പൊതുധാരണയുണ്ട്. ആ ധാരണ മാറ്റുവയ്ക്കാൻ, ലൈസൻസ് വേണമെന്ന് നിർബന്ധമാക്കിയാൽ ചിലർക്കൊന്നും ലൈസൻസ് ഉണ്ടാക്കാൻ പറ്റുകയില്ല. വളരെ പാവപ്പെട്ട വൈദ്യൻമാരാണ്. അവരുടെ വീടുകളിൽ വച്ച് ആയൂർവ്വേദമരുന്നിനാവശ്യമായ ഇൻഗ്രീഡിയന്റ്സ് മുഴുവൻ ഉൾക്കൊള്ളിച്ചുകൊണ്ടാണ് അവർ മരുന്നുണ്ടാക്കുന്നത്. കോട്ടയ്ക്കലിൽ നിന്നോ ഔഷധിയിൽ നിന്നോ വാങ്ങുന്ന മരുന്നിനേക്കാൾ അവർ ഇഷ്ടപ്പെടുന്നത് അത്തരം മരുന്നുകളാണ്. അതിനു കൂടുതൽ ഫലം സിദ്ധിക്കുകയും ചെയ്യുന്നുണ്ട്. അതിനു പെട്ടെന്ന് ലൈസൻസ് ഏർപ്പെടുത്തിക്കഴിഞ്ഞാൽ കുറച്ച് വിഷമം ഉണ്ടാകും. എന്തായിരുന്നാലും ഇത് ഗുണം ചെയ്യുമെങ്കിൽ ആ കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ : സർ, കേന്ദ്രസർക്കാർ കൊണ്ടുവന്നിട്ടുള്ളതാണ് സെൻട്രൽ മാനുഫാക്. [illegible] പോളിസി എന്ന വ്യവസ്ഥ. ആ വ്യവസ്ഥ നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്ന ചെറുകിട ആയൂർവ്വേദ മരുന്നുനിർമ്മാണ മേഖലയിലും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഗവേഷണസ്ഥാപനങ്ങളിലും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ചില ഗവേഷണസ്ഥാപനങ്ങൾ സ്വകാര്യ മേഖലയിലുമുണ്ട്. നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്ന വൈദ്യൻമാരുടെ സംഘടനകൾ ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം നൽകുകയും ചെയ്തതാണ്. ഇത് കേരളത്തിൽ പ്രതികൂലമായിട്ടുള്ളതാണ്. കേരളത്തിലാണ് ആയുർവ്വേദ മരുന്ന് വ്യാപകമായിട്ടുള്ളത്. ആ പ്രതികൂലമായ സ്ഥിതി പരിഗണിച്ച് കേന്ദ്ര സർക്കാരിനെക്കൊണ്ട് കേരളത്തിൽ നിന്ന് ഇത് ഒഴിവാക്കിക്കിട്ടുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ശങ്കരൻ : സർ, ഞാൻ പറഞ്ഞ ഭാഗത്തേയ്ക്ക് അങ്ങും എത്തി. ഇതിന്റെ ദോഷഫലങ്ങൾ എന്താണെന്ന് മനസ്സിലാക്കണം. എന്തെങ്കിലും ഒരു നിയമം കൊണ്ടുവന്നാൽ അതു ജനങ്ങൾക്ക് ദോഷകരമാകാൻ പാടില്ല. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ് എന്നൊരു നിയമം കേന്ദ്രഗവൺമെന്റിന്റെയുണ്ട്. ആ നിയമം പലപ്പോഴും നമ്മുടെ സംസ്ഥാനത്തെ പല ആയുർവ്വേദ വൈദ്യൻമാർക്കും ദോഷഫലം ചെയ്യുന്നു. അതുകൊണ്ട് ഈ കാര്യം വിശദമായി പരിശോധിച്ചശേഷം മാത്രമേ ലൈസൻസ് സമ്പ്രദായം നടപ്പിലാക്കാൻ സാധിക്കൂ. ലൈസൻസുൾപ്പെടെയുള്ള കാര്യങ്ങൾ നൽകുന്നതിന് വിശദമായ പഠനത്തിന് വിധേയമാകേണ്ടതുണ്ട്.

ശ്രീ. പി. ജെ. ജോയി : സർ, നമ്മുടെ സംസ്ഥാനത്തെ തനതായ ഒരു മെഡിസിനൽ പ്ലാന്റാണ് ആയുർവ്വേദം. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ നിന്ന് ഗവേഷണം അത്ര ഫലപ്രദമല്ലെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. പല മെഡിസിനൽ പ്ലാന്റുകളും ഇന്ന് അന്യം നിന്നുപോകുകയാണ്. കൂടുതൽ ആയുർവ്വേദ ഔഷധങ്ങളുടെ ചെടികൾ വനംവകുപ്പുൾപ്പെടെ സഹകരിച്ചുകൊണ്ട് നട്ടുപിടിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് മുൻകൈ എടുക്കുമോ ?

ശ്രീ. പി. ശങ്കരൻ : സർ, വനം വകുപ്പ് ഈ കാര്യത്തിൽ ഗവൺമെന്റിനെ സഹായിക്കുന്നുണ്ട്.

ശ്രീ. പി. ജയരാജൻ : സർ, ആധുനിക ചികിത്സാരീതികളുടെ പാർശ്വഫലങ്ങളുടെ ഫലമായി ഇന്ന് പലരും പാരമ്പര്യ ചികിത്സയിലേയ്ക്ക് വന്നു കൊണ്ടിരിക്കുകയാണ്. ഇതു മനസ്സിലാക്കിക്കൊണ്ട് ആഗോള കുത്തകകൾ തന്നെ ഇന്ത്യയിലുള്ള പാരമ്പര്യ ചികിത്സാ രീതികൾ മനസ്സിലാക്കി വിദേശത്തു നിന്ന് ആയുർവ്വേദ ഔഷധങ്ങൾ ഉല്പാദിപ്പിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി കേന്ദ്ര ആരോഗ്യവകുപ്പും സ്വദേശി ശാസ്ത്ര മഞ്ചും ചേർന്നുകൊണ്ട് കൊച്ചിയിൽ ഒരു ആഗോള സമ്മേളനം നടത്തുകയുണ്ടായി. അതിന്റെ യഥാർത്ഥ ഉദ്ദേശം നമ്മുടെ ഭൗതികമായിട്ടുള്ള ഈ സ്വത്തുക്കൾ കവർന്ന് വിദേശത്ത് ആയുർവ്വേദ ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് കൊള്ളയടിക്കുക എന്നുള്ളതാണ്. അതുകൊണ്ട് നമ്മുടെ ഗവേഷണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് ആയുർവ്വേദ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ സഹായകരമായിട്ടുള്ള നിലയിൽ കേരളത്തിൽ ഒരു ആയുർവ്വേദ സർവ്വകലാശാല ആരംഭിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ : സർ, ഇത് അങ്ങയുടെ മനസ്സിലും എന്റെ മനസ്സിലുമെക്കെയുള്ള ഒരു ആഗ്രഹമാണ്. അത് എന്നെങ്കിലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കാം. തൽക്കാലം സാമ്പത്തികമായ പരാധീനതകൾ ഉള്ളതുകൊണ്ട് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അത്തരമൊരു നീക്കത്തിന് പ്രയാസം നേരിടുന്നുണ്ട്. എന്തായിരുന്നാലും ആയുർവ്വേദത്തെ സംബന്ധിച്ച് ഒരു അഖിലേന്ത്യ സെമിനാർ നടത്തിയത് ആയുർവ്വേദത്തിന് കൂടുതൽ പ്രാധാന്യം നൽകാനാണ്. കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് വളരെ സ്വാഗതാർഹമാണ്. കേന്ദ്ര ഗവൺമെന്റ് ആയുർവ്വേദത്തിന്റെ വളർച്ചയ്ക്കുവേണ്ടി ആകുന്നതൊക്കെ ചെയ്യുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് മെഡിസിനൽ പ്ലാന്റ് ബോർഡ് രൂപീകരണത്തിനും മെഡിസിനൽ പ്ലാന്റ് ബോർഡിന് കാര്യമായ സാമ്പത്തിക സഹായം നൽകാനും കേന്ദ്രഗവൺമെന്റ് തയ്യാറായത്. നല്ല കാര്യം ആരു ചെയ്താലും നല്ലതാണെന്നു പറയാനുള്ള വിശാലമായ മനസ്കത നമുക്കുണ്ടാകണം. എന്തായിരുന്നാലും കേന്ദ്ര ഗവൺമെന്റ് ആ കാര്യത്തിൽ നല്ലൊരു സമീപനമാണ് സ്വീകരിക്കുന്നതെന്ന് എടുത്തുപറയാതിരിക്കാൻ വയ്യ.

ശ്രീ. വർക്കല കഹാർ : നമ്മുടെ ഋഷിവര്യന്മാരും വൈദ്യന്മാരും കഠിനമായ തപസ്യയിലൂടെ കണ്ടെത്തുകയും പരമ്പരാഗതമായി കൈമാറുകയും ചെയ്തതാണ് ഈ ആയുർവ്വേദ ചികിത്സാ വിധി. അങ്ങ് ഔഷധങ്ങൾ അന്യമാകുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. സർപ്പക്കാവുകളിലും ക്ഷേത്രക്കാവുകളിലും അഗസ്ത്യാർ വനനിരകളിലുമാണ് കൂടുതൽ ഔഷധച്ചെടികളുടെ അമൂല്യമായ ശേഖരമുള്ളത്. അതിനെ രക്ഷിക്കാൻ കാര്യമായ നടപടി സർക്കാർ കൈക്കൊള്ളുമോ ?

ശ്രീ. പി. ശങ്കരൻ : വനം വകുപ്പുമായി കൂടിയാലോചിച്ചുകൊണ്ട് എന്തു ചെയ്യാൻ കഴിയും എന്നു പരിശോധിക്കുന്നതാണ്.

ശ്രീ. ടി. കെ. ദേവകുമാർ : ആയുർവ്വേദത്തിൽ കാൻസർ പോലെയുള്ള രോഗങ്ങൾക്ക് സിദ്ധൗഷധം ഉണ്ടെന്നുള്ള വസ്തുത ഇനിയും സമൂഹത്തെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇന്ന് ആയുർവ്വേദ ചികിത്സാ രംഗത്തു വന്നുകൊണ്ടിരിക്കുന്ന ഒരു രീതി വ്യവസായ കണ്ണോടുകൂടിയുള്ള ഗവേഷണവും മറ്റുമാണ്. യഥാർത്ഥത്തിൽ ആയുർവ്വേദ ചികിത്സാ രീതി അനുസരിച്ച് രോഗിയെ കണ്ട് രോഗം നിർണ്ണയിച്ച് ആ രോഗത്തിന് മരുന്നു നിശ്ചയിക്കുക എന്നുള്ളതാണ്. ച്യവനപ്രാശം ഉണ്ടാക്കി അര കിലോ, ഒരു കിലോ കുപ്പികളിലാക്കി വിൽക്കുന്ന ഒരു ഏർപ്പാടാണ് ഇന്നു നിലവിലിരിക്കുന്നത്. എന്നാൽ ആ ച്യവനപ്രാശത്തിൽ ചേർക്കുന്ന നെല്ലിക്കയും തേനും ഒരു പ്രധാന ഘടകമാണ്. ഇതു രണ്ടിന്റെയും ഔഷധ ഗുണം ഉറപ്പുവരുത്തുകയും ഇതിന്റെ റേഷ്യോ തീരുമാനിക്കുകയും ചെയ്തെങ്കിൽ മാത്രമേ മന്ത്രി ശ്രീ. ശങ്കരനുള്ള രോഗം നിശ്ചയിച്ച് അതു സേവിച്ചാൽ ഗുണമുണ്ടാവുകയുള്ളൂ. വ്യവസായികാടിസ്ഥാനത്തിൽ ഏതെങ്കിലും ഇംഗ്ലീഷ് മരുന്ന് ചേർത്തു വിൽക്കുന്ന ഒരു രീതി ഇന്നു വ്യാപകമാകുകയാണ്. എന്നാൽ പാരമ്പര്യ ചികിത്സാ വിധിയെ പ്രോത്സാഹിപ്പിക്കുന്ന ഒരു സ്ഥാപനം ഉണ്ടാക്കുകയും ആ സ്ഥാപനത്തിൽ ഈ രൂപത്തിലുള്ള ചികിത്സ വികസിപ്പിച്ച് എടുക്കാൻ ശ്രമിക്കുകയും ചെയ്താൽ മാരകമായ രോഗങ്ങൾക്കു പരിഹാരം കാണാൻ കഴിയും. അതിനു ആരോഗ്യ വകുപ്പു മുൻകൈ എടുക്കാൻ തയ്യാറാകുമോ ?

ശ്രീ പി. ശങ്കരൻ : കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾക്ക് ആയുർവ്വേദത്തിൽ ചികിത്സയുണ്ട്. അതുമാത്രമല്ല ആയുർവ്വേദ ചികിത്സാ രീതി അവലംബിക്കുക ആണെങ്കിൽ പല രോഗങ്ങൾക്കും ശമനം കിട്ടും. പക്ഷേ, ലോകത്തെമ്പാടും അലോപ്പതിയാണ് ഇന്നു മേധാവിത്വം പുലർത്തുന്നത്. അലോപ്പതി വകുപ്പിലുള്ള ഡ്രഗ്സ് കൺട്രോളറും ബന്ധപ്പെട്ട വകുപ്പുമാണ് ഒരു മരുന്ന് ഏതു രോഗത്തിന് ഗുണകരമാണോ അല്ലയോ എന്നു തീരുമാനിക്കുന്നത്. അത്തരം ഒരു നിയമ വ്യവസ്ഥ നമ്മുടെ നാട്ടിൽ ഉള്ളതുകൊണ്ട് അതുണ്ടാക്കിയാൽ തന്നെ, ഫലപ്രദമാണെന്നു ബോദ്ധ്യമായാൽ തന്നെ അതിനു പാറ്റന്റ് റൈറ്റ് കൊടുക്കുന്നതിനുള്ള സംവിധാനം ഇന്നില്ല. ഈ പ്രയാസം കണക്കിലെടുത്തുകൊണ്ടുതന്നെ ഈ നിർദ്ദേശം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ഇക്കാര്യം ഗൗരവമായി ആലോചിക്കുന്നതാണ്.

ശ്രീ ഡൊമിനിക് പ്രസന്റേഷൻ : ഇവിടെ ആയുർവ്വേദ മരുന്നു കമ്പനികൾക്ക് ലൈസൻസ് കൊടുക്കുന്ന സമ്പ്രദായം ഉണ്ട്. അങ്ങനെ ലൈസൻസ് കൊടുക്കുമ്പോൾ ഇവർ ഉണ്ടാക്കുന്ന മരുന്നിന് റാ മെറ്റീരിയൽസ് ആവശ്യമാണ്. ഈ റാ മെറ്റീരിയൽസ് എങ്ങനെ ഉണ്ടാക്കുന്നു, എവിടെ നിന്നു കൊണ്ടു വരുന്നു എന്നു ഉറപ്പാക്കിയിട്ടു മാത്രമേ ലൈസൻസ് കൊടുക്കാൻ പാടുള്ളൂ. ഗവൺമെന്റ് അതു ഗൗരവമായി ആലോചിക്കുമോ ?

ശ്രീ. പി. ശങ്കരൻ : ഇപ്പോൾ അങ്ങനെയാണ് കൊടുക്കുന്നത്.

ശ്രീ വി. കെ. സി. മമ്മത്കോയ : ഇന്ത്യയുടെ ജൈവ സമ്പത്ത് സ്വന്തമാക്കാൻ ശ്രമിക്കുന്ന അന്താരാഷ്ട്ര കുത്തക കമ്പനികൾ ഉണ്ട്. ഇവിടെ തന്നെ വികസിപ്പിച്ചെടുക്കുന്ന ഔഷധങ്ങൾക്കുള്ള കുത്തക ഇന്ത്യയിൽ തന്നെ നില നിർത്തുന്നതിനാവശ്യമായ നടപടികളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ പി. ശങ്കരൻ : ഇതുൾപ്പെടെയുള്ള കാര്യങ്ങൾ ആലോചിക്കാമെന്ന് നേരത്തെ ഒരു ചോദ്യത്തിനു മറുപടി നൽകിയതാണ്.

ശ്രീ. കളത്തിൽ അബ്ദുള്ള : ആയുർവ്വേദ മരുന്നുകളുടെ ഗവേഷണത്തെ കുറിച്ചാണ് ഇവിടെ ചോദ്യം ചോദിക്കുന്നത്. ആയുസ്സിന്റെ ശാസ്ത്രമാണ് ആയുർവ്വേദം. അന്താരാഷ്ട്രതലത്തിൽ സംഘടിപ്പിക്കുന്ന ആയുർവ്വേദ സമ്മേളനത്തിൽ ആയുർവ്വേദത്തിന്റെ പെറ്റമ്മയായ കേരളത്തിലെ ആയുർവ്വേദ കോളേജ് വല്ല നൂതന പ്രബന്ധവും അവതരിപ്പിച്ച പല രോഗങ്ങൾക്കും പരിഹാരമായി ചില രസായനങ്ങളെക്കുറിച്ച് പറഞ്ഞു കേൾക്കുന്നുണ്ട്. അതുകൊണ്ട് എന്തു ഗവേഷണമാണ് ഇന്നു ആയുർവ്വേദ കോളേജുകളിൽ നടക്കുന്നത്. ഈ ഡിപ്പാർട്ടുമെന്റുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ ?

ശ്രീ പി. ശങ്കരൻ : ആയുർവ്വേദ ഡിപ്പാർട്ടുമെന്റ് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. അതിന്റെ ഫലമായിട്ടാണ് ഗവേഷണം നടത്തിയതും അതിന്റെ ഫലമായി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ ഇടയായതും.

ശ്രീ. ടി. പി. രാമകൃഷ്ണൻ : ആയുർവ്വേദ മരുന്നുകളെ സംബന്ധിച്ചുള്ള ഗവേഷണവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പുമന്ത്രി പല പദ്ധതികളെ സംബന്ധിച്ച് പരാമർശിക്കുകയുണ്ടായി ; ഇത്തരം പദ്ധതികൾ പ്രാവർത്തികം

LIBRARY ARCHIVES Kerala Legislative Assembly

ആക്കുന്നതിന് ആരോഗ്യ വകുപ്പിന് പ്രധാനമായും തടസ്സമായി നിൽക്കുന്നത് ധനകാര്യ വകുപ്പിന്റെ പിന്തുണയില്ലായ്മയാണ്. ഈ വസ്തുത കൂടി പരിഗണിച്ചുകൊണ്ട് ആയുർവ്വേദ ആശുപത്രികൾ അടിസ്ഥാനമാക്കിക്കൊണ്ട് ഒരു ഹെർബൽ പാർക്ക് സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ? അതിനാവശ്യമായ ധനസമാഹരണം കണ്ടെത്താനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. പി. ശങ്കരൻ : ഒരു ദുഃസൂചന അടങ്ങിയ ചോദ്യമാണ് അത്. ധനകാര്യമന്ത്രി ആരോഗ്യവകുപ്പിന്റെ എന്തെങ്കിലും നടപടികൾക്ക് തടസ്സമായി നിന്നിട്ടില്ല. ധനമില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ധനസംബന്ധമായ വിഷയങ്ങളിലേയ്ക്ക് കടക്കുമ്പോൾ ധനം കിട്ടുന്നില്ല എന്നുള്ളത് അനുഭവത്തിന്റെ കുറവല്ല, ആ വകുപ്പിന്റെയും കുറ്റമല്ല. എന്തായാലും ശ്രീ. ടി. പി. രാമകൃഷ്ണൻ പറഞ്ഞ കാര്യം വളരെ ഗൗരവമായി പരിശോധിക്കുന്നുണ്ട്. ആയുർവ്വേദ പാർക്കിനുള്ള നടപടികൾ എടുത്തു വരികയാണ്.

ശ്രീ. ടി. എൻ. പ്രതാപൻ : നമ്മുടെ ആയുർവ്വേദ സസ്യങ്ങളുടെ വ്യാപനത്തിനുവേണ്ടി മെഡിസിനൽ പ്ലാന്റ് ബോർഡിന്റെയും ഔഷധിയുടെയും നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ഔഷധി തോട്ടങ്ങൾ വച്ചു പിടിപ്പിക്കാനുള്ള പദ്ധതികൾ ഉടനെ ആവിഷ്ക്കരിക്കുമോ : അതുപോലെ ഔഷധിയും കെ.എഫ്.ആർ.ഐ.യും കൂടി നാട്ടിക നിയോജക മണ്ഡലത്തിലെ തളിക്കുളം ബ്ലോക്കു പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്ത് ഔഷധിത്തോട്ടം വച്ചു പിടിപ്പിക്കുന്നതിനുള്ള നടപടികളായി, അതിനു വേണ്ട ചെടികളൊക്കെ സംഘടിപ്പിച്ചിട്ടുണ്ട്. അതുപോലെ സർക്കാരിന്റെ ഒഴിഞ്ഞു കിടക്കുന്ന പൊതുവായ സ്ഥലങ്ങളിൽ ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടുകൂടി ഔഷധിയും കെ.എഫ്.ആർ.ഐ.യും ഒക്കെ സഹകരിച്ചാൽ വ്യാപകമായി ഔഷധത്തോട്ടം വച്ചു പിടിപ്പിക്കാൻ പറ്റും. അതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ശങ്കരൻ : മെഡിസിനൽ പ്ലാന്റ് ബോർഡ് ചെയ്യുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് കൂടുതൽ മനസ്സിലാക്കാത്തതുകൊണ്ടാണ്. ഔഷധങ്ങൾ വച്ചു പിടിപ്പിക്കാൻ സാമ്പത്തിക സഹായമുൾപ്പെടെയുള്ള കാര്യങ്ങൾ നോട്ടിഫിക്കേഷനായി നൽകിയിരുന്നു. അതനുസരിച്ച് പലരും മുന്നോട്ടു വന്നിരുന്നു. അവർക്കൊക്കെ സാമ്പത്തിക സഹായം നൽകുകയും ചെയ്തിട്ടുണ്ട്. ചില യൂണിറ്റുകൾക്ക് പത്തു ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ആറ് ഔഷധികൾ വച്ചു പിടിപ്പിക്കാൻ തയ്യാറായാലും ഒരു പരിശീലനത്തിനു വിധേയമാക്കിയതിനുശേഷം അതു തൃപ്തികരമാണെന്നു ബോദ്ധ്യപ്പെടുകയാണെങ്കിൽ അത്തരം ആളുകൾക്ക് സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഗവൺമെന്റ് ചെയ്യുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി : മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ഒരു ആയുർവ്വേദ സിറ്റിയാണ്. അവിടത്തെ ആര്യവൈദ്യശാലയും ആയുർവ്വേദ കോളേജും ധാരാളം സംഭാവനകൾ ആയുർവ്വേദത്തിനു നൽകിയിട്ടുണ്ട്. ലോകത്തിലെ തന്നെ ഏക ആയുർവ്വേദ മെന്റൽ ഹോസ്പിറ്റൽ ഇവിടെയാണ്. ഇതെല്ലാം അടിസ്ഥാനമാക്കിക്കൊണ്ട് കോട്ടയ്ക്കലിൽ ആയുർവ്വേദ മരുന്നുകളെപ്പറ്റി ഗവേഷണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ : കോട്ടയ്ക്കലിൽ ഇപ്പോൾ തന്നെ അവരവരുടേതായിട്ടുള്ള രീതിയിൽ ഗവേഷണം നടക്കുന്നുണ്ട്.

ശ്രീ. പി. ടി. തോമസ് : നമ്മുടെ നാട്ടിൻ പുറത്തിന്റെ നന്മകൾ ആയിരുന്ന ആയുർവ്വേദം ഇന്നു അസ്തമിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങാടിപ്പെട്ടികളും പാരമ്പര്യ വൈദ്യന്മാരുമൊക്കെ നമ്മുടെ നാട്ടിൻപുറത്തിന്റെ ഒരു സൗഹൃദമായിരുന്നു. അത്തി, ഇത്തി, അരയാൽ, പേരാൽ, നാൽപ്പാമരം തുടങ്ങിയ മരുന്നുകളെ സംബന്ധിച്ച് ആധുനിക തലമുറയ്ക്ക് ഒന്നും അറിയില്ല. അതുപോലെ ഋഷി സുകതങ്ങളായ ആയുർവ്വേദത്തെ സംബന്ധിച്ച് ഇന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ ഗവേഷണത്തിനു ഒരു പൈസപോലും മാറ്റിവയ്ക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. വരണാധി കഷായം തലവേദനയ്ക്ക് വളരെ സിദ്ധൗഷധമാണെന്നു പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. വേങ്ങ എന്നു പറയുന്ന മരത്തെക്കുറിച്ച് ഡയബറ്റിസുമായി ബന്ധപ്പെടുത്തി പഠനം നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ സിംഗിൾ മരുന്നുകളേയും ഗ്രൂപ്പായിട്ടുള്ള മരുന്നുകളെയും സംബന്ധിച്ചും ഗവേഷണങ്ങൾ വ്യാപിപ്പിക്കേണ്ടതുണ്ട്. ഇതിനുവേണ്ടി ബഡ്ജറ്റിൽ കൂടുതൽ പണം നീക്കി വച്ചുകൊണ്ട് നമ്മുടെ തനതായ ആയുർവ്വേദത്തെ പുഷ്ടിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പി. ശങ്കരൻ : ആയുർവ്വേദം തകരുകയാണ് എന്നു പറഞ്ഞതു ശരിയല്ല. അതു വളരുകയാണ്. മാത്രവുമല്ല ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് ഇതു കാരണമായി തീർന്നിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ നിന്നുപോലും ടൂറിസ്റ്റുകൾ കേരളത്തിൽ എത്തുന്നതിന്റെ കാരണം അവർ ആയുർവ്വേദത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയതുകൊണ്ടു കൂടിയാണ്. എന്തായാലും ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ആയുർവ്വേദത്തിനു കൂടുതൽ പണം ലഭിക്കേണ്ടതുണ്ട്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭൂമി വില നിർണ്ണയിക്കാനും വിജ്ഞാപനം ചെയ്യാനും നടപടി

3 (*526) ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻബാബു :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭൂമി ഇടപാടുകളിൽ വസ്തുവില കുറച്ചു കാണിക്കുന്നത് കൊണ്ട് സർക്കാരിന് കോടിക്കണക്കിന് രൂപയുടെ വരുമാനം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly